**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4005** **28-06-2024 - ൽ മറുപടിയ്ക്ക്**

**ജയിലുകളിലെ സുരക്ഷാ വീഴ്ച**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. പി. കെ. ബഷീർ,<br>ശ്രീ. പി. ഉബൈദുള്ള ,<br>ശ്രീ. പി. അബ്ദുൽ ഹമീദ്** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | സംസ്ഥാനത്തെ ജയിലുകളിൽ തുടർച്ചയായി സുരക്ഷാ വീഴ്ച ഉണ്ടാകുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) | കേരളത്തിലെ ജയിലുകളിൽ തുടർച്ചയായി സുരക്ഷാ വീഴ്ച്ച ഉണ്ടാകുന്നതായി കണ്ടെത്തിയിട്ടില്ല. |
| (ബി) | തടവുകാരുടെ മൊബൈൽ ഫോൺ, ലഹരി ഉപയോഗം എന്നിവ തടയുന്നതിൽ ഉദ്യോഗസ്ഥർ പരാജയപ്പെടുന്നതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; | (ബി) | കേരളത്തിലെ ജയിലുകളിൽ തുടർച്ചയായി സുരക്ഷാ വീഴ്ച്ച ഉണ്ടാകുന്നതായി കണ്ടെത്തിയിട്ടില്ല. |
| (സി) | ജയിലുകളിൽ തടവുകാർ തമ്മിലുള്ള സംഘർഷങ്ങൾ ഒഴിവാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | ജയിലുകളിൽ തടവുകാർ തമ്മി ലുള്ള സംഘർഷങ്ങൾ ഒഴിവാക്കുന്നതിനായി ചുവടെ കൊടുക്കുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.<br>1) മുഴുവൻ സമയ കർശന നിരീക്ഷണം നടത്തുന്നു.<br>2) അന്തേവാസികൾക്ക് മാനസിക പരിവർത്തനം നടത്തുന്നതിനായി മോട്ടിവേഷൻ ക്ലാസ്സുകളും ലൈബ്രറി സൗകര്യങ്ങളും ഇൻഡോർ ഗെയിമുകളും നൽകുന്നു.<br>3) അക്രമാസക്തരായ തടവുകാരെ സെല്ലുകൾ മാറ്റിപാർപ്പിക്കുകയും കൂടുതൽ സുരക്ഷയുള്ള ജയിലുകളിലേയ്ക്ക് മാറ്റിപാർപ്പിക്കുകയും ചെയ്യുന്നു.<br>4) ജയിലിനു പുറമേ പരസ്പരം ശത്രുത വച്ചുപുലർത്തുന്ന തടവുകാരെ യഥാസമയം തിരിച്ചറിഞ്ഞ് ആവശ്യമായ മുൻകരുതൽ എടുത്ത് അവരെ പ്രത്യേകം ജാഗ്രതയോടെ നിരീക്ഷിച്ചുകൊണ്ട് സംഘർഷം ഒഴിവാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.<br>5) മാവോയിസ്റ്റ്, എൻ.ഐ.എ, പി. എഫ്.ഐ. തടവുകാർക്ക് പരസ്പരം ഒത്തുചേരാനുള്ള അവസരം ഒഴിവാക്കി ഇത്തരത്തിലുള്ള അന്തേവാസികളെ പ്രത്യേകമായി വേർതിരിച്ച് പാർപ്പിച്ചുവരുന്നു.6)അനാവശ്യമായി ചുറ്റി നടക്കാതിരിക്കാൻ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | 7) അപകടകാരികളായ തടവുകാരെ പ്രത്യേകം നിരീക്ഷിക്കാൻ ഡ്യൂട്ടിക്കാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.8)ജയിലുകളിൽ സംഘർഷത്തിൽ ഏർപ്പെടുന്ന തടവുകാർക്കെതിരെ 2014-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങൾ പ്രകാരം അച്ചടക്ക നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | ജയിലുകളിലെ സുരക്ഷാ വീഴ്ചകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് പരിഗണനയിലുള്ളത്; വിശദീകരിക്കുമോ? | (ഡി) | മുൻകരുതൽ എന്ന നിലയിൽ ആധുനിക സുരക്ഷാ ഉപകരണങ്ങൾ എല്ലാ ജയിലുകളിലും സ്ഥാപിക്കുക, പ്രധാന പ്രവേശന കവാടത്തിലും ജയിൽ ചുറ്റമതിലിനു ചുറ്റും കൂടുതൽ പരിശോധനകൾ ഏർപ്പെടുത്തുക, സെല്ലുകളിലും വരാന്തകളിലും കൂടുതൽ CCTV ക്യാമറകൾ സ്ഥാപിച്ച് 24 മണിക്കൂറും സുരക്ഷ ഉറപ്പുവരുത്തുക, ജയിലിനു ചുറ്റും പകലും രാത്രിയും ശക്തമായ പട്രോളിങ് നടത്തുക, ജയിലിലേയ്ക്കുള്ള പ്രധാന വഴികളിലും ജയിലിന്റെ മതിലിനു പുറത്തും പോലീസ് പാറാവ് ഏർപ്പെടുത്തുക, ജയിലുകൾക്ക് വെളിയിൽ പണിയുയർത്തുന്ന ബഹുനില കെട്ടിടസമുച്ചയങ്ങളുടെ ദൂരപരിധി കർശ്ശനമായി ഉറപ്പുവരുത്തി ജയിലിനുള്ളിലേയ്ക്ക് പൊതുജനങ്ങളുടെ നോട്ടവും ശ്രദ്ധയും ഒഴിവാക്കി സുരക്ഷ ഉറപ്പുവരുത്തുക, അസിസ്റ്റന്റ് പ്രിസൺ ഓഫീസർ കേഡർ മുതൽ പ്രിസൺ ഓഫീസർ കേഡർ വരെയുള്ള തസ്തികയിലെ ജീവനക്കാർക്ക് 2014-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങളിൽ അനുശാസിക്കും പ്രകാരം ആയുധങ്ങൾ അനുവദിക്കുക, ജയിലുകളുടെ ചുറ്റമതിലിൽ ഇലക്ട്രിക് ഫെൻസിംഗ് ഘടിപ്പിക്കുക തുടങ്ങിയ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ